പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 01 — 09.06.2014-ൽ മറുപടിയ്ക്ക്

## മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ദേശീയ ഗെയിംസ് നടത്തുവാനുള്ള തീയതി തീരുമാനിച്ച് അറിയിക്കേണ്ടത് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനാണ്. 2015 ജനുവരിയോടെ നാഷണൽ ഗെയിംസ് നടത്താമെന്ന് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) ഇതോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) പ്രസ്തുത ഗെയിംസിനായി നവീകരിക്കുന്നതും പുതുതായി നിർമ്മി ക്കുന്നതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ; | (ബി) & (സി) പുതിയതായി നിർമ്മിക്കുന്നതും നവീകരിക്കുന്നതുമായ സ്റ്റേഡിയങ്ങളും മത്സരയിനങ്ങളും നിർമ്മാണ പുരോഗതിയും വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (ഡി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ഭൂരിഭാഗം നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും ഇതിനകം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ ബഹു. മുഖ്യമന്ത്രിയുടെയും വർക്കിംഗ് ചെയർമാനായ ബഹു. കായിക വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നിർമ്മാണപുരോഗതി കൃത്യമായി |

വിലയിരുത്തുകയും അടിയന്തിരമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഉദ്ദേശിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് കാലതാമസം ഏതെങ്കിലും ഘട്ടത്തിൽ ഉണ്ടാകുമെന്ന് കണ്ടെത്തുന്ന പദ്ധതികൾ പ്രത്യേകമായി കണ്ടെത്തി ആ പ്രവർത്തികളെ <u>**മിഷൻ മോഡ്**</u> പദ്ധതികളായി പ്രഖ്യാപിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എക്സിക്യൂട്ടിവ് കമ്മിറ്റി ഓരോ ആഴ്ചയിലും ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നു.

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(ഇ) മിഷൻ 676-ൽ ദേശീയ ഗെയിംസിന്റെ വേദികളാകുന്ന താഴെപ്പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(i) കോഴിക്കോട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്

(ii) കേരളത്തിലെ ഏറ്റവും വലിയ ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട് കണ്ണൂർ

(iii) അന്താരാഷ്ട്ര നിലവാരമുള്ള സ്ക്വാഷ് കോർട്ട്, പാളയം തിരുവനന്തപുരം.

(iv) കേരളത്തിലെ ആദ്യ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയം, കൊല്ലം

(v) കേരളത്തിലെ ആദ്യ ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംഗ് റേഞ്ച്, രാമവർമ്മപുരം, തൃശ്ശൂർ

(vi) സർക്കാർ മേഖലയിലെ ആദ്യ സിന്തറ്റിക് ടെന്നീസ് അക്കാഡമി, കുമാരപുരം, തിരുവനന്തപുരം

(vii) അന്താരാഷ്ട്ര നിലവാരമുള്ള ഷൂട്ടിംഗ് റേഞ്ച് വട്ടിയൂർക്കാവ്.

(viii) അന്തർദേശീയ നിലവാരമുള്ള കേരളത്തിലെ ഏറ്റവും വലിയ ഫുട്ബോൾ & ക്രിക്കറ്റ് സ്റ്റേഡിയമായ കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം.

ദേശീയ ഗെയിംസിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും, പുതിയ കായിക സംസ്കാരത്തിന്റെ സൃഷ്ടിക്കായും 2014 ഒക്ടോബറിൽ 7000 കേന്ദ്രങ്ങളിൽ ഒരു കോടി ജനങ്ങൾ പങ്കെടുക്കുന്ന കൂട്ടയോട്ടം സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 35–ാമത് ദേശീയ ഗെയിംസിനായി തയ്യാറാക്കുന്ന സ്റ്റേഡിയങ്ങൾ

### I. നവീകരിക്കുന്നത്

| ക്രമ നം | പേര് | മത്സര ഇനങ്ങൾ | നിർമ്മാണ പ്രവർത്തനം | നിർമ്മാണ പുരോഗതി | പൂർത്തിയാകുന്ന തീയതി |
|---|---|---|---|---|---|
| 1 | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം | അക്വാട്ടിക്സ് | ഇന്റർ നാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തി സ്വിമ്മിംഗ് പൂൾ, ഡൈവിംഗ് പൂൾ, ഗ്യാലറി. | പ്രധാന പ്രവൃത്തികൾ എല്ലാം പൂർത്തിയായി. | ആഗസ്റ്റ് 2014 |
| 2 | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം | അത്‌ലറ്റിക്സ് | സിവിൽ/ ഇലക്ട്രിക്കൽ മെയ്ന്റനൻസ്. ഫുട്ബോൾ ടർഫ്, ഫ്ളഡ് ലൈറ്റ്, ലിഫ്റ്റ്. | നവീകരണ പ്രവൃത്തികൾ പൂർത്തിയായി. ഫ്ളഡ് ലൈറ്റ് പണി പുരോഗമിക്കുന്നു. | സെപ്റ്റംബർ 2014 |
| 3 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | ജിംനാസ്റ്റിക്സ്, ഹാൻഡ്ബോൾ | സിവിൽ/ഇലക്ട്രിക്കൽ മെയ്ന്റനൻസ്. എയർകണ്ടീഷനിംഗ്, പുതിയ പരിശീലന കേന്ദ്രം, അകൗസ്റ്റിക്സ് സീറ്റിംഗ്, ഫ്ളഡ് ലൈറ്റിംഗ്, മേപ്പിൾവുഡ് ഫ്ളോറിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | --- |
| 4 | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം | ഖോ–ഖോ, കബഡി | റോഡ്, റീറ്റെയ്നിംഗ് വാൾ, വൈദ്യുതീകരണം, | 85% പൂർത്തിയായി. | ജൂലൈ 2014 |
| 5 | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം | തയ്കോൺണ്ടോ, നെറ്റ്ബോൾ | സിവിൽ & ഇലക്ട്രിക്കൽ മെയ്ന്റനൻസ്, റൂഫ്, മേപ്പിൾവുഡ് ഫ്ളോറിംഗ് , അരീന ലൈറ്റിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | --- |
| 6 | ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, ശംഖുമുഖം, തിരുവനന്തപുരം | വുഷു | റൂഫിംഗ്, മേപ്പിൾവുഡ് ഫ്ളോറിംഗ് , അരീന ലൈറ്റിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | ---- |
| 7 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | സൈക്കിൾ പോളോ കളരിപ്പയറ്റ് (പ്രദർശനയിനം) | ഫുട്ബോൾ ഗ്രാസ്സ് ടർഫ്, ഡ്രെയിനേജ്, ഫെൻസിംഗ്, സിന്തറ്റിക് ട്രാക്ക്, ഫ്ളഡ് ലൈറ്റിംഗ്. | 90% പൂർത്തിയായി. | സെപ്റ്റംബർ 2014 |
| 8 | എൽ.എൻ.സി.പി.ഇ. വെലോഡ്രോം, കാര്യവട്ടം | സൈക്കിളിംഗ് | നിലവിലെ സർഫസ് കോൺക്രീറ്റ് ചെയ്ത് പുതുക്കി പണിയൽ. | പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. നിർമ്മാണ ചുമതല SAI യ്ക്കാണ്. | ഒക്ടോബർ 2014 |
| 9 | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | റഗ്ബി സെവൻസ് | ഗ്യാലറി, ടർഫ്, അപ്രോച്ച് റോഡ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | --- |
| 10 | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം | ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് | എയർകണ്ടീഷനിംഗ്, അകൗസ്റ്റിക്സ്, അരീന ലൈറ്റിംഗ്, റൂഫ്. | 90% പൂർത്തിയായി. | ജൂലൈ 2014 |

| | | | | | |
|---|---|---|---|---|---|
| 11 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | ഫുട്ബോൾ – സ്ത്രീകൾ പുരുഷൻമാർ | സിന്തറ്റിക് ഫുട്ബോൾ ടർഫ്, ഗ്യാലറി ബിൽഡിംഗ്, ഫെൻസിംഗ്. | 80% പൂർത്തിയായി | സെപ്റ്റംബർ 2014 |
| 12 | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | വെയ്റ്റ്ലിഫ്റ്റിംഗ്, ജൂഡോ | മൂന്നുനില ബ്ളോക്ക്, റൂഫിംഗ്, മേപ്പിൾവുഡ് ഫ്ളോറിംഗ് , അരീന ലൈറ്റിംഗ്, അക്വസ്റ്റിക്സ്. | എല്ലാ പ്രധാന പ്രവൃത്തികളും പൂർത്തിയായി. | ജൂൺ 2014 |
| 13 | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ | ബോക്സിംഗ് – സ്ത്രീകൾ പുരുഷൻമാർ | അക്വസ്റ്റിക്സ്, മേപ്പിൾവുഡ് ഫ്ളോറിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | --- |
| 14 | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | വോളിബോൾ – സ്ത്രീകൾ പുരുഷൻമാർ, സെപക് താക്റ | റൂഫ്, സ്റ്റെയർ കെയ്സ് ബ്ലോക്ക്, അരീന ലൈറ്റിംഗ്, അക്വസ്റ്റിക്സ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | --- |
| 15 | കോർപ്പറേഷൻ സ്റ്റേഡിയം കോഴിക്കോട് | ഫുട്ബോൾ – സ്ത്രീകൾ പുരുഷൻമാർ | ഗ്യാലറി, ഫുട്ബോൾ ടർഫ്. | 80% പൂർത്തിയായി. | ആഗസ്റ്റ് 2014 |
| 16 | ടെന്നീസ് ക്ലബ്ബ്, തിരുവനന്തപുരം | ടെന്നീസ്പ്രാക്ടീസിംഗ് കോർട്ട് | ആവശ്യത്തിന് പരിശീലന കോർട്ടുകൾ ഇല്ലാത്തതിനാൽ 3 കോർട്ടുകൾ നവീകരിക്കുന്നു. | പണി ആരംഭിച്ചു. | ഒക്ടോബർ 2014 |

## II. പുതിയതായി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ

| | | | | | |
|---|---|---|---|---|---|
| 17 | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ | ബാസ്കറ്റ് ബോൾ സ്ത്രീ –പുരുഷ വിഭാഗങ്ങൾ റസ്‌ലിംഗ് | | പ്രധാന പ്രവൃത്തികൾ പൂർത്തിയായി. | ആഗസ്റ്റ് 2014 |
| 18 | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട് | ഫുട്ബോൾ | ഗ്യാലറി, ഗ്രാസ് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ട്രാക്ക്. | 90% പൂർത്തിയായി. | ആഗസ്റ്റ് 2014 |
| 19 | ലോൺ ബൗൾ കോർട്ട്, കൊച്ചി, എറണാകുളം | ലോൺ ബൗൾ | | 80% പൂർത്തിയായി. | ആഗസ്റ്റ് 2014 |
| 20 | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | സ്കോഷ് | | 90% പൂർത്തിയായി. | ഒക്ടോബർ 2014 |

| | | | | | |
|---|---|---|---|---|---|
| 21 | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം | ഷൂട്ടിംങ് | 50 മീറ്റർ, 25 മീറ്റർ, 10 മീറ്റർ ദൈർഘ്യമുള്ള റേഞ്ചുകൾ | 70% പൂർത്തിയായി. | ഒക്ടോബർ 2014 |
| 22 | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം | ഹോക്കി | ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയവും ഗ്യാലറികളും | 77% പൂർത്തിയായി. | സെപ്റ്റംബർ 2014 |
| 23 | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം | ടെന്നീസ് | ടെന്നീസ് കോർട്ടുകൾ, ഫെസിലിറ്റി കെട്ടിടം, ഗ്യാലറി, ഫ്ളഡ് ലൈറ്റ് | പ്രധാന പ്രവൃത്തികൾ 30% പൂർത്തിയായി. | ഒക്ടോബർ 2014 |
| 24 | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, പോലീസ് അക്കാഡമി തൃശ്ശൂർ | ഷൂട്ടിംങ് ട്രാപ് ആന്റ് സ്കീറ്റ് | 3 റേഞ്ചുകളുള്ള ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംങ് റേഞ്ച് | തൃശ്ശൂരിൽ പൊലീസ് അക്കാഡമിയിൽ നിർമ്മാണത്തിനായി പുതിയ സ്ഥലം കണ്ടെത്തി. ദർഘാസ് നടപടികൾ ആരംഭിച്ചു. | ഒക്ടോബർ 2014 |
| 25 | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | ഉദ്ഘാടന-സമാപന ചടങ്ങുകൾ | അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ, ക്രിക്കറ്റ്, ഫ്ളഡ്ലിറ്റ് സ്റ്റേഡിയം | ഒന്നാം നില പൂർത്തിയായി. രണ്ടാം നില പണി നടക്കുന്നു. നിർമ്മാണം നടത്തുന്നത് KSFL Co. ആണ്. | ഡിസംബർ 18, 2014 |

## താൽക്കാലിക നിർമ്മിതികൾ ഉപയോഗിച്ച് സംഘടിപ്പിക്കുന്ന ഇനങ്ങൾ

| ക്രമ നം. | ഇനം | വേദി |
|---|---|---|
| 1 | ആർച്ചറി | ജവഹർലാൽ നെഹ്റു സ്റ്റേഡിയം, എറണാകുളം |
| 2 | റോയിംഗ് | വേമ്പനാട് കായൽ, ആലപ്പുഴ |
| 3 | കനോയിംഗ്, കയാക്കിംഗ് | വേമ്പനാട് കായൽ, ആലപ്പുഴ |
| 4 | ബോട്ട് റേസ് (പ്രദർശനയിനം) | വേമ്പനാട് കായൽ, ആലപ്പുഴ |
| 5 | ഫെൻസിംഗ് | സിയാൽ, എറണാകുളം |
| 6 | കരാട്ടെ | സിയാൽ, എറണാകുളം |
| 7 | ട്രയാത്തലോൺ | കോവളം, ബൈപാസ് |
| 8 | യാച്ചിംഗ് | മുനമ്പം, എറണാകുളം |
| 9 | ബീച്ച് ഹാന്റ് ബോൾ | ശംഖുമുഖം, തിരുവനന്തപുരം |
| 10 | ബീച്ച് വോളി ബോൾ | കോഴിക്കോട് ബീച്ച് |

ഈ ഇനങ്ങൾക്കുള്ള താൽക്കാലിക നിർമ്മിതികളും, വേദികളാകുന്ന മറ്റ് സ്റ്റേഡിയങ്ങൾക്കാവശ്യമായ താൽക്കാലിക നിർമ്മിതികളും, മേള നടത്തുന്നതിനുള്ള തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ച ശേഷം 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.